കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 12) 790/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി 12) 790/2022 തീയ്യതി: 30/06/2022

തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2020 മുതൽ 16-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സതീശൻ.എൻ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	17-05-2022	26-05-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-05-2022	26-05-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാംമനോഹർ.വി.കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി.സുധ.ഇ.എൻ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ.പി.ബി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.വി.എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
രാജൻ വെട്ടത്ത്	പ്രസിഡന്റ്	01-04-2019	31-03-2020
അമ്പിളി.പി.സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-04-2019	24-04-2019
സത്യൻ.ടി	സെക്രട്ടറി	25-04-2019	11-07-2019
അനിത രാമൻ	സെക്രട്ടറി	12-07-2019	08-10-2019
അമ്പിളി.പി.സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	09-10-2019	22-10-2019
വർഗ്ഗീസ്.സി.എ	സെക്രട്ടറി	23-10-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

അമ്പിളി.പി.സി	അസി.സെക്രട്ടറി	01-04-2019	31-03-2020
അജി.കെ.എ	കൃഷി ഓഫീസർ	01-04-2019	25-04-2019
ദിപിൻ.എം.എൻ	കൃഷി ഓഫീസർ	26-04-2019	31-03-2020
സൗമ്യ.ടി.പി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2019	31-03-2020
ഡോ.ഷീജ മേനോൻ	മെഡിക്കൽ ഓഫീസർ ,ആയുർവ്വേദം	01-04-2019	31-03-2020
ഡോ.സുനിൽ കുമാർ.പി.കെ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി	01-04-2019	31-03-2020
ഡോ.ശിവകുമാർ കൊത്തപ്പുള്ളി	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2019	31-03-2020
ഡോ.രാജേഷ്.എം.ബി	വെറ്ററിനറി സർജ്ജൻ	01-04-2019	31-03-2020
സുബൈദ	ഹെഡ്മിസ്ട്രസ്	01-04-2019	12-11-2019
തങ്കമണി	ഹെഡ്മിസ്ട്രസ്സ്	13-11-2019	31-03-2020
സുരാസു മുഹമ്മദ്	വി.ഇ.ഒ, കിള്ളിമംഗലം	01-04-2019	06-09-2019
ജ്യോതി.എൻ.എൻ	വി.ഇ.ഒ, കിള്ളിമംഗലം (ചാർജ്ജ്)	07-09-2019	13-11-2019
പ്രീത.കെ	വി.ഇ.ഒ, കിള്ളിമംഗലം	14-11-2019	31-03-2020
ജ്യോതി.എൻ.എൻ	വി.ഇ.ഒ, പൈങ്കുളം	01-04-2019	13-11-2019
പ്രീത.കെ	വി.ഇ.ഒ, പൈങ്കുളം (ചാർജ്ജ്)	14-11-2019	31-03-2020
സുരേഷ് കുമാർ.എ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2019	31-03-2020
വിപിൻദാസ്.എം.എസ്	അസി.എഞ്ചിനീയർ	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.	1-1-1
3	ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)	1-1-2
4	വാർഷിക ധനകാര്യപത്രിക	1-2
5	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
6	ഫണ്ട് വിനിയോഗം	1-4
7	പദ്ധതി അവലോകനം	1-5
8	തൊഴിലുറപ്പ് പദ്ധതി	1-6
9	ക്ഷേമ പദ്ധതികൾ	1-7
10	കാഷ് വെരിഫിക്കേഷൻ	1-8
11	ആഭ്യന്തര നിയന്ത്രണം	1-9
12	വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.	1-10-1
13	വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.	1-10-2
14	വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ	1-10-3
15	വസ്തുനികുതി അഡ്വാൻസ്- വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-10-4
16	വസ്തുനികുതി കുടിശ്ശിക- ജേണൽ എൻട്രികൾ മുഖേന ഡിമാന്റ് വർദ്ധിപ്പിക്കുകയും ചെലവായി ക്രമീകരിക്കുകയും ചെയ്തു.അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.	1-10-5
17	ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.	1-10-6
18	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-10-7
19	ഡിപ്രിസിയേഷൻ കണക്കാക്കിയ പത്രിക ലഭ്യമാക്കിയില്ല.	1-10-8
20	ക്ലോസിംഗ് സ്റ്റോക്ക് മൂല്യം രേഖപ്പെടുത്തിയിട്ടില്ല	1-10-9
21	വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ	1-10
22	ഇൻവെസ്റ്റ് മെന്റ് - ഭൗതിക പരിശോധനയ്ക് ലഭ്യമാക്കിയില്ല	1-10-10
23	തെറ്റായ ശീർഷകങ്ങളിൽ ഇടപാടുകൾ രേഖപ്പെടുത്തിയിരിക്കുന്നു.	1-10-11
24	മൂന്നുമാസത്തിലധികമായി പിൻവലിക്കാത്ത ചെക്കുകൾ ലയബിലിറ്റി ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.	1-10-12
25	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.	1-10-13
26	എം.ജി.എൻ.ആർ.ഇ.ജി.എസ്- മുലധനചെലവുകൾ റവന്യു ചെലവായി രേഖപ്പെടുത്തി	1-10-14
27	ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, സബ് കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല.	1-11
28	പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.	1-12
29	ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം	1-13
30	ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.	1-14
31	അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല	1-15
32	മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.	1-16
33	മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.	1-17
34	വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ	1-18
35	സി.എസ്.ആർ ഫണ്ട് ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്	1-19
36	തൊഴിൽ നികുതി - അപാകതകൾ	1-20
37	ലേലം -തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.	1-21
38	വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ	1-22
39	1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ	1-23

	പഞ്ചായത്തിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.	
40	പാലിന് സബ്സിഡി- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ	1-24
41	2018-19ൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കിയില്ല.2019-20ൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതം നഷ്ടമായി	1-25
42	ജലനിധി കുടിവെള്ള പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-26
43	പത്ര പരസ്യം - സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല	1-27
44	സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല	1-28
45	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത)- വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.	1-29
46	ജി.എസ്.ടി ഇൻവോയ്സ് ഹാജരാക്കിയില്ല.	1-30
47	കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്	1-31
48	മൂച്ചിക്കൽപടി റോഡ് നിർമ്മാണം - അധിക ചെലവ് ഈടാക്കേണ്ടതാണ്.	1-32
49	ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.	1-33
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്	3-1
2	മൂച്ചിക്കൽപടി റോഡ് നിർമ്മാണം - അധിക ചെലവ് ഈടാക്കേണ്ടതാണ്.	3-2
3	സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായ തുകയിൽ കവിഞ്ഞ് ധനസഹായം അനുവദിച്ചു.	3-3
ഭാഗം 4		
1	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
4	വായ്പ/ വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 11.02.19 ലെ തീരുമാനം 1 പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. 12.02.19 ലെ ഭരണസമിതി യോഗത്തിൽ കരട് ബജറ്റ് ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി അവതരിപ്പിച്ചു. ഇതനുസരിച്ച് മുൻബാക്കി 54,95,661 രൂപയും, പ്രതീക്ഷിത വരുമാനം 33,14,93,577 രൂപയും ചേർത്ത് ആകെ വരവ് 33,69,89,238 രൂപയും ആകെ ചെലവ് 33,54,37,177 രൂപയും നീക്കിബാക്കി 15,52,061 രൂപയും ആണ്. തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 15.02.19 ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് വ്യത്യാസങ്ങളില്ലാതെ അംഗീകരിച്ചു. (ഓഡിറ്റ് സമയത്ത് പരിശോധനക്കായി ലഭ്യമാക്കിയ ഗ്രാമ പഞ്ചായത്തിന്റെ ബജറ്റിന്റെ പകർപ്പ് പ്രകാരം (പ്രിന്റ് പ്രകാരം) മുൻബാക്കി 54,95,661 രൂപയും, പ്രതീക്ഷിത വരുമാനം 33,09,43,577 രൂപയും ചേർത്ത് ആകെ വരവ് 33,64,39,238 രൂപയും ആകെ ചെലവ് 32,61,87,177 രൂപയും നീക്കിബാക്കി 1,02,52,061 രൂപയും ആണ്). 04.03.20 ലെ യോഗത്തിലെ തീരുമാനം 5(1) പ്രകാരം പഞ്ചായത്ത് ഭരണസമിതി (ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 05.02.20 ലെ തീരുമാനം 4 പ്രകാരം അംഗീകരിച്ച) 2019-20 വർഷത്തെ പുതുക്കിയ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരം മുൻബാക്കി 54,95,661 രൂപയും, പ്രതീക്ഷിത വരുമാനം 35,31,18,193 രൂപയും ചേർത്ത് ആകെ വരവ് 35,86,13,854 രൂപയും ആകെ ചെലവ് 35,39,18,193 രൂപയും നീക്കിബാക്കി 46,95,661 രൂപയും ആണ്.

പഞ്ചായത്ത് ബജറ്റ് തയ്യാറാക്കുന്നതിനും, പുതുക്കുന്നതിനും, പാസ്സാക്കുന്നതിനും സ്വീകരിക്കേണ്ട നിയമപരമായ ബാധ്യതകൾ എത്രത്തോളം നിർവ്വഹിച്ചു എന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റിൽ ലക്ഷ്യമിട്ടത്.

1-1-1 ബജറ്റ് നിർദ്ദേശം സംബന്ധിച്ച പഞ്ചായത്ത് രാജ് നിയമത്തിലെയും, ചട്ടങ്ങളിലേയും വ്യവസ്ഥകളും ഗ്രാമപഞ്ചായത്തും.

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പനുസരിച്ച് സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനുവരി 15 ാം തീയതിക്കു മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിലെ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ഉദ്യോഗസ്ഥരിൽ നിന്നും അവരവരുടെ വിഷയവുമായി ബന്ധപ്പെട്ട് വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അതാതിന് കീഴിൽ വരുന്ന ബജറ്റ് നിർദ്ദേശങ്ങൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

സ്റ്റാന്റിംഗ് കമ്മറ്റി	ശുപാർശ തീയതി	റിമാർക്സ്
ആരോഗ്യ വിദ്യാഭ്യാസം	28.01.19	സമയപരിധി കഴിഞ്ഞ്
വികസനം	31.01.19	സമയപരിധി കഴിഞ്ഞ്
ക്ഷേമകാര്യം	31.01.19	സമയപരിധി കഴിഞ്ഞ്

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും പൂർണ്ണമായും ബജറ്റ് നിർദ്ദേശങ്ങൾ ലഭിച്ചു എന്ന് ഉറപ്പാക്കത്തക്ക മറ്റ് രേഖപ്പെടുത്തലുകൾ മിനുട്സിൽ ചേർത്തിട്ടില്ലാത്തതാണ്. അതുകൊണ്ടുതന്നെ ഗ്രാമപഞ്ചായത്തിൽ ബജറ്റ് തയ്യാറാക്കിയത് ആവശ്യമായ അടിസ്ഥാനവിവരങ്ങളുടെ അഭാവത്തിലാണെന്ന് ന്യായമായും കരുതാവുന്നതാണ്.

2) ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതായുണ്ട്. അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തെ ആദ്യത്തെ ആഴ്ച പഞ്ചായത്ത് മുൻപാകെ അതിന്റെ പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കണം. ഇപ്രകാരം ലഭിക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് പരിഗണിക്കുകയും ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി ഭേദഗതികൾ സഹിതം പാസ്സാക്കേണ്ടതുമാണ്. (എന്നാൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതി 2019-20 വർഷത്തെ ബജറ്റ് ഫെബ്രുവരി മാസത്തിൽ തന്നെ പരിഗണിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.)

ഗ്രാമ പഞ്ചായത്ത് ബജറ്റ് എസ്റ്റിമേറ്റ് ഏതു വർഷത്തെ സംബന്ധിച്ചതാണോ ആ വർഷം തുടങ്ങുന്നതിനു മുൻപായി പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

3) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 71 അനുസരിച്ച് അക്രൂവൽ അടിസ്ഥാനത്തിലുള്ള ബജറ്റാണ് പഞ്ചായത്ത് തയ്യാറാക്കേണ്ടത്. ബജറ്റ് എസ്റ്റിമേറ്റിനൊപ്പം താഴെ നിർദ്ദേശിക്കുന്ന പത്രികകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(I) റവന്യു വരുമാനം സംബന്ധിച്ച എസ്റ്റിമേറ്റ്

(Ii) റവന്യു ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iii) മൂലധന വരവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Iv) മൂലധന ചെലവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(V) വായ്പാ തിരിച്ചടവ് സംബന്ധിച്ച എസ്റ്റിമേറ്റ്

(Vi) വായ്പകളും മുൻകൂറുകളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Vii) ഡെപ്പോസിറ്റുകളും, റിക്കവറികളും സംബന്ധിച്ച എസ്റ്റിമേറ്റ്

(Viii) നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ്

എന്നാൽ പഞ്ചായത്ത് അംഗീകരിച്ച ബജറ്റിൽ റിക്കവറികൾ സംബന്ധിച്ച എസ്റ്റിമേറ്റ്, നിക്ഷേപങ്ങൾ സംബന്ധിച്ച എസ്റ്റിമേറ്റ് എന്നിവയുടെ പ്രത്യേകം പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്ത് പാസ്സാക്കിയ ബജറ്റ് ചട്ട വ്യവസ്ഥ പാലിക്കപ്പെട്ടതല്ല.

4) ബജറ്റ് പാസ്സാക്കി കഴിഞ്ഞാലുടനെ ആയതിന്റെ പകർപ്പ് ഓഡിറ്റർമാർക്ക് നൽകേണ്ടതാണെന്ന കേരള പഞ്ചായത്ത് രാജ് നിയമം 214 (7) വകുപ്പനുസരിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല.

1-1-2 ബജറ്റും ബജറ്റ് നിയന്ത്രണവും (Budget And Budgetary Control)

(I)പ്രതിമാസ അവലോകനം

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review), വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [(Table-കൾ) Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ഗ്രാമപഞ്ചായത്തിന്റെ എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ (സാംഖ്യ പ്രകാരമുള്ളത്) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിഗണിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (മിനുട്സിൽ) മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2019-20സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനവും നടത്തിയിട്ടില്ല

(Ii) അനുപൂരകമോ പുതുക്കിയതോ ആയ ബജറ്റ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 അനുസരിച്ച് ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ, ബജറ്റിൽ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ അത്തരം ചെലവ് ചെയ്യുന്നതിന് മുൻപ് അനുപൂരക ബജറ്റോ, പുതുക്കിയ ബജറ്റോ പഞ്ചായത്ത് അംഗീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് ബജറ്റ് പാസ്സാക്കി കഴിഞ്ഞ ശേഷം വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ശുപാർശ ചെയ്ത് അംഗീകരിച്ച തീരുമാനങ്ങൾ/ഭരണസമിതി തീരുമാന പ്രകാരം ബജറ്റ് പുതുക്കൽ അനിവാര്യമാകേണ്ടിയിരുന്ന ചില സന്ദർഭങ്ങൾ ചുവടെ ചേർക്കുന്നു.

2018-19 ൽ ആരംഭിച്ച് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എത്തിനിൽക്കുന്ന57 പ്രോജക്ടുകൾ സ്പിൽഓവർ ആക്കുന്നതിന് 04.07.19 ലെ ഭരണസമിതി തീരുമാനം 1(1) പ്രകാരം തീരുമാനിച്ചു എങ്കിലും ബജറ്റ് പുതുക്കിയില്ല.

16.07.19 ലെ വികസനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം (1) പ്രകാരം, 2019-20 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 14 പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിനും, 13പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ബജറ്റ് പുതുക്കിയില്ല.

മേൽ വിവരിച്ച പ്രകാരമുള്ള ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് പഞ്ചായത്ത് ഭരണസമിതി 04.03.20 ൽ ചേർന്ന യോഗത്തിലെ തീരുമാനം നംപർ 5(1) അനുസരിച്ച് 2019-20 ലെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. ഇപ്രകാരം 2019-20സാമ്പത്തിക വർഷത്തിന്റെ അവസാനം മാത്രം ബജറ്റ് പുതുക്കുന്നത് (യഥാസമയം പുതുക്കാതെ) ബജറ്റിൽ വകയിരുത്താത്ത തുകകൾ ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകുന്ന പുതുക്കിയ ബജറ്റായി കണക്കാക്കാൻ പാടില്ല എന്ന് കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 72 വ്യക്തമാക്കിയിട്ടുണ്ട്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 73 അനുസരിച്ച് ഉചിതമായ ബജറ്റ് നിയന്ത്രണം കൈവരുത്തുന്നതിനുള്ള ഉത്തരവാദിത്തം സെക്രട്ടറിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും അക്കൌണ്ടന്റിനുമായിരിക്കും എന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ബജറ്റ് നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.2020	02.06.2020

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	1,01,04,677
വരവ്	6,57,86,431
ആകെ	7,58,91,108
ചെലവ്	6,27,64,587
നീക്കിയിരിപ്പ്	1,31,26,521

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	തൻവർഷ വരവ്	ആകെ	ചെലവ്	ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം (ACR പ്രകാരം)	0	1,16,78,182	1,16,78,182	1,13,21,303	3,56,879
വികസനഫണ്ട് എസ്.സി.പി. (ACR പ്രകാരം)	0	93,84,294	93,84,294	34,66,662	59,17,632
14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	99,18,445	99,18,445	33,49,179	65,69,266
സംരക്ഷണ ഗ്രാന്റ് റോഡ് (ACR പ്രകാരം)	0	2,24,04,000	2,24,04,000	1,05,11,731	1,18,92,269
സംരക്ഷണഗ്രാന്റ് നോൺറോഡ് (ACR പ്രകാരം)	0	37,73,000	37,73,000	28,50,822	9,22,178

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
227	106470466	119	46666836	20	88	52.4

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	2825	1902830	1905655	1903298	2357
തൊഴിലാളികളുടെ വേതനം, മെറ്റീരിയൽ കോസ്റ്റ് (നേരിട്ട് ബാങ്ക് ട്രാൻസ്ഫർ മുഖേന)	0	44872299	44872299	44872299	0
ഒട്ടാകെ	2825	46775129	46777954	46775597	2357

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ചെലവു തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	44640	47
കർഷകതൊഴിലാളി പെൻഷൻ	3451800	574
വിധവാ പെൻഷൻ	7041600	1194
വാർദ്ധക്യകാല പെൻഷൻ	9891900	1702
വികലാംഗപെൻഷൻ	2019000	335
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1112400	190
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	0	0

1-8 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.05.2022 തീയതിയിൽ 3.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 627/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ബജറ്റ്, അക്കൗണ്ടിങ്ങ്, നികുതി ചുമത്തലും നിയന്ത്രണാധികാരപ്രയോഗവും, പദ്ധതി നിർവ്വഹണം എന്നീ വിവിധ ശീർഷകങ്ങളിലായി ഈ ഓഡിറ്റ് റിപ്പോർട്ടിൽ അതാത് ഓഡിറ്റ് ശീർഷകങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.

1-10-1 വാർഷിക കണക്ക് - എല്ലാ പത്രികകളും ഓഡിറ്റിന് നൽകിയിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

1-10-2 വസ്തുനികുതി- അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല.

1/4/2019 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2019-20 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2019-20 വർഷത്തിൽ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ 243 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ടെങ്കിലും 2019-20 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-10-3 വസ്തുനികുതി അക്കൗണ്ടിംഗിലെ അപാകതകൾ

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

3.1തൻവർഷം

3.1.1റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീക രിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം	15,22,248	14,20,941	87,771	17,390
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	15,22,248	14,15,946	87,771	17,390
	(ഇൻകം & എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	*(18309/105X100)= 17,437 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ

					തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

3.1.2നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	9,96,512	9,76,429	11,685	8,855
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	9,96,512	9,75,977	11,685	8,855
	(ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	*(9,314/105X100)=8,870 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

<u>3.2കുടിശ്ശിക</u>

3.2.1റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	5,07,896	4,83,944	27,985
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	*5,49,289	4,83,944	28,213
	*(2018-19 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3,46,907+2,29,846= 5,76,753/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (29,624/105X100)

3.2.2നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	4,10,833	3,99,755	12,178
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	3,51,648	3,99,755	12,178
	(2018-19ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 190875+178355= 3,69,230/105*100	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	**(12,814/105X100)=12204 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു

<u>3.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടിശ്ശിക	ആകെ	തൻ വർഷം	കുടിശ്ശിക	ആകെ			തൻ വർഷം	കുടിശ്ശിക	ആകെ
"സഞ്ചയ"	റെസി-	78086	29060	107146	72621	24939	97560	4714		919	1639	2601

	ഡൻഷ്യൽ											
സോഫ്റ്റ്‌വെയർ പ്രകാരം	നോൺ-റെസിഡൻഷ്യൽ	50186	21850	72036	20114	49126	69240	615		459	636	1112
	ആകെ			179182			166800	5329			3713	
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം		*0			166700				0*	3653		
		State Govt . Cess/levies...... ലെഡ്ജർ 2019-20 ലെ ലെഡ്ജർ പ്രകാരം ഡിമാന്റ് ഇല്ല.			(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യുൾ ആർ.പി-36(വരവ്))				(431910101 -State Govt . Cess/levies...... ലെഡ്ജർ 2019-20)	(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി.രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:- 3.1.1, 3.1.2, 3.2.1, 3.22, 3.3 എന്നീ പട്ടികകൾ)

<u>ലൈബ്രറി സെസ് ഡിമാന്റ് രേഖപ്പെടുത്തുന്നില്ല</u>

വസ്തു നികുതി ഡിമാന്റ് രേഖപ്പെടുത്തുമ്പോൾ ഡി.സി.ബി പ്രകാരം തൻവർഷം ആകെ പിരിച്ചെടുക്കാനുള്ള വസ്തുനികുതിയും ലൈബ്രറി സെസ്സും ചേർന്ന തുക Receivables For Property Tax (Current-Residential & Non Residential) ശീർഷകങ്ങളിൽ ഡെബിറ്റ് ചെയ്യുകയും വസ്തുനികുതി ഡിമാന്റ് 1 ൽ തുടങ്ങുന്ന പ്രോപ്പർട്ടി ടാക്സ് ഇൻകം ഹെഡ്ഡിലും ലൈബ്രറി സെസ് ഡിമാന്റ് 431910101 State Govt.Cesses / Levies In Property Taxes-Control Account ലും ക്രെഡിറ്റു ചെയ്യുകയുമാണ് ചെയ്യേണ്ടത്. എന്നാൽ 2019-20 വർഷത്തിൽ റിസിവബിൾ ശീർഷകങ്ങളിൽ ലൈബ്രറി സെസ് ഉൾപ്പെടുത്താതെ വസ്തുനികുതി മാത്രമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്. ലൈബ്രറി സെസ് ഡിമാന്റ് സ്റ്റേറ്റ് ഗവ.സെസ്സസ് & ലെവീസ് കൺട്രോൾ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നില്ല. പിന്നീട് വർഷാവസാനം റിസീവബിൾ ശീർഷകങ്ങളിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വസ്തുനികുതിക്ക് ആനുപാതികമായ ലൈബ്രറി സെസ്സ് തുക കണക്കാക്കി സ്റ്റേറ്റ് സെസ്സസ് & ലെവീസ് കൺട്രോൾ അക്കൗണ്ടിൽ പിരിച്ചെടുക്കാനുള്ള ലൈബ്രറി സെസ്സ് ആയി രേഖപ്പെടുത്തുന്നു. ഇപ്രകാരം ചെയ്യുന്നത് നിലവിലെ അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

<u>1-10-4 വസ്തുനികുതി അഡ്വാൻസ്- വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല</u>

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2020ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നികുതി ഇനം	വാർഷിക കണക്ക് പ്രകാരം (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം)	സഞ്ചയ പ്രകാരം
Property Tax On Residential Building	2,78,474	4,93,794
Property Tax On Non-Residential Building	10,436	12,060

<u>1-10-5 വസ്തുനികുതി കുടിശ്ശിക- ജേണൽ എൻട്രികൾ മുഖേന ഡിമാന്റ് വർദ്ധിപ്പിക്കുകയും ചെലവായി ക്രമീകരിക്കുകയും ചെയ്തു.അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല.</u>

വസ്തുനികുതി അഡ്വാൻസ് കളക്ഷൻ, റിസീവബിൾസ് ലെഡ്ജറുകൾ പ്രകാരം താഴെ പറയുന്ന തുകകൾ ജേണൽ എൻട്രികൾ വഴി Prior Period Items മുഖേന വരുമാനമായി ക്രമീകരിക്കുകയോ ഡിമാന്റ് വർദ്ധിപ്പിക്കുകയോ ചെയ്തു.. എന്നാൽ ഈ ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തലുകൾ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

വസ്തുനികുതി ശീർഷകം	ഡിമാന്റ് വർദ്ധിപ്പിച്ച തുക	വരുമാനമായി ക്രമീകരിച്ച തുക	ജേണൽ വൗച്ചർ നം. / തീയതി
431100102- Receivables For Property Tax On Residential Buildings(Arrears)		39,745/-	41900295/28.03.20
431100104- Receivables For Property Tax On Non-Residential Buildings(Arrears)	59,454/-		41900296/28.03.20

<u>1-10-6 ജേണൽ വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.</u>

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-10-7 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-10-8 ഡിപ്രിസിയേഷൻ കണക്കാക്കിയ പത്രിക ലഭ്യമാക്കിയില്ല.

ആസ്തികളുടെ ഡിപ്രിസിയേഷൻ കണക്കാക്കിയ പത്രിക ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഇൻകം & എക്സ്പൻഡിച്ചർ ഷെഡ്യൂൾ I-17(a) യിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

1-10-9 ക്ലോസിംഗ് സ്റ്റോക്ക് മൂല്യം രേഖപ്പെടുത്തിയിട്ടില്ല

ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-10 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1-10-10 ഇൻവെസ്റ്റ് മെന്റ് - ഭൗതിക പരിശോധനയ്ക് ലഭ്യമാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1-10-11 തെറ്റായ ശീർഷകങ്ങളിൽ ഇടപാടുകൾ രേഖപ്പെടുത്തിയിരിക്കുന്നു.

വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് ചെയ്ത തുകകൾ Advance To Implementing Agencies - Deposit To KSEB എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താതെ അതത് ചെലവ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-10-12 മൂന്നുമാസത്തിലധികമായി പിൻവലിക്കാത്ത ചെക്കുകൾ ലയബിലിറ്റി ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്.

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം പഞ്ചായത്ത് നൽകിയ താഴെ പറയുന്ന ചെക്കുകൾ മൂന്നുമാസത്തിലധികമായി പിൻവലിച്ചിട്ടില്ല. ആയത് പരിശോധിച്ച് Liability In Respect Of Stale Cheques എന്ന ശീർഷത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബാങ്കിന്റെ പേര്	വൗച്ചർ നമ്പർ	വൗച്ചർ തീയതി	ഇൻസ്ട്രുമെന്റ് നമ്പർ	ഇൻസ്ട്രുമെന്റ് തീയതി	തുക
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – തനത് ഫണ്ട്	21900462	02/09/19	903633	02/09/19	6804
	21900426	21/08/19	903627	21/08/19	13608
	21900440	26/08/19	903631	26/08/19	5733
കിളളിമംഗലം ഫാർമേഴ്സ് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	21900460	02/09/19	169538	02/09/19	583

1-10-13 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 17,52,934/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2019-20 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 41,22,156/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-10-14 എം.ജി.എൻ.ആർ.ഇ.ജി.എസ്- മുലധനചെലവുകൾ റവന്യൂ ചെലവായി രേഖപ്പെടുത്തി

പഞ്ചായത്തിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗം ലഭ്യമാക്കിയ പട്ടിക പ്രകാരം റോഡ് കോൺക്രീറ്റിംഗ് , ഡ്രെയിനേജ് നിർമ്മാണം, പാലം നിർമ്മാണം മുതലായ 29 പ്രവൃത്തികൾക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി മുഖേന തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ മൂല്യം ബാധകമായ ആസ്തി ശീർഷകങ്ങളിൽ ഉൾപ്പെടുത്താതെ റവന്യൂ ചെലവായാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽത്തന്നെ മൂലധന പ്രവൃത്തികൾക്ക് തത്തുല്യമായ തുക കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടാതെ പോയി.

1-11 ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന കമ്മിറ്റികൾ, സബ് കമ്മിറ്റികൾ, ജോയിന്റ് കമ്മിറ്റികൾ എന്നിവ രൂപീകൃതമായിട്ടില്ല.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 163 ാം വകുപ്പ് ഓരോ പഞ്ചായത്തിനും പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയ പ്രകാരം പ്രവർത്തന കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിയമത്തിലെ 164 - വകുപ്പ് അനുസരിച്ച് ഓരോ പഞ്ചായത്തിനും സ്റ്റാന്റിംഗ് കമ്മിറ്റിയേയോ പ്രവർത്തന കമ്മിറ്റികളേയോ ഏതെങ്കിലും പണിയോ പദ്ധതിയേയോ പ്രോജക്ടോ പ്ലാനോ നടപ്പാക്കുന്നതിൽ സഹായിക്കുന്നതിലേക്കായി പഞ്ചായത്തിലെ അംഗങ്ങളും പൊതുജനക്ഷേമത്തിൽ താൽപര്യമുള്ളവരും പഞ്ചായത്ത് നാമനിർദ്ദേശം ചെയ്യുന്നവരുമായ മറ്റാളുകളുമടങ്ങിയ സബ്കമ്മിറ്റികൾ രൂപീകരിക്കുന്നതിനായി അധികാരം നൽകിയിട്ടുണ്ട്. ഇതിനു പുറമെ ഇതേ നിയമത്തിലെ 165 ാം വകുപ്പ് മറ്റ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി ചേർന്ന് ജോയിന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും അധികാരം നൽകുന്നുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം പ്രവർത്തന കമ്മിറ്റികളോ, സബ്കമ്മിറ്റികളോ, ജോയിന്റ് കമ്മിറ്റികളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.02/18.05.22) ലഭ്യമാക്കിയ മറുപടി അനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം കമ്മറ്റികളൊന്നും രൂപീകരിച്ചിട്ടില്ലെന്നും ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി സ്വീകരിക്കുന്നതാണെന്നും ആണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം കമ്മറ്റികൾ സഹായകരമാകുമെന്നതിനാൽ നിയമപ്രകാരം ആയത് രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

1-12 പഞ്ചായത്തിന്റെ വികസനപദ്ധതികൾ - നിയമവ്യവസ്ഥ പാലിക്കുന്നു എന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

പഞ്ചായത്ത് വാർഷിക പദ്ധതികൾക്കും പഞ്ചവത്സര പദ്ധതികൾക്കും പുറമേ ഇൻഫ്രാസ്ട്രക്ചർ വികസനത്തിന് വേണ്ടി, സ്പെഷ്യൽ പ്ലാനിംഗിന് പ്രത്യേക ഊന്നൽ നൽകിക്കൊണ്ടും വിഭവസമ്പത്തും തുടർന്നുള്ള വികസനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും, പതിനഞ്ചു വർഷക്കാലത്തേക്ക് ദീർഘവീക്ഷണത്തോടുകൂടിയ ഒരുപദ്ധതി തയ്യാറാക്കേണ്ടതും അപ്രകാരമുള്ള പദ്ധതി ബന്ധപ്പെട്ട ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണെന്ന് 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 175(4) ാം വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ, ഗ്രാമ പഞ്ചായത്ത് ഈ വ്യവസ്ഥപ്പെടുത്തൽ പ്രകാരം സ്വീകരിച്ച നടപടികൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.03/18.05.22) ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്രകാരം ദീർഘവീക്ഷണത്തോടുകൂടിയുള്ള പദ്ധതി തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 4(1) ാം വകുപ്പ് പ്രകാരം സൃഷ്ടിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് പഞ്ചായത്ത് രാജ് നിയമത്തിലെ മൂന്നാം പട്ടികപ്രകാരം അതിന്റെ ചുമതലകൾ യഥാവിധി നിർവ്വഹിക്കുന്നതിന് ഇത്തരം വ്യവസ്ഥപ്പെടുത്തലുകൾ സഹായകരമാകുമെന്നതിനാൽ നിയമവ്യവസ്ഥ പാലിക്കാൻ തുടർനടപടി അത്യന്താപേക്ഷിതമാണ്.

1-13 ഗ്രാമ പഞ്ചായത്തിന്റെ ഭരണ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് തുടർനടപടി ഉണ്ടാകണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 192(1) ാം വകുപ്പ് പ്രകാരം, ഓരോ പഞ്ചായത്തും ഓരോ വർഷവും സർക്കാർ നിർദ്ദേശിക്കുന്ന ഫോറത്തിൽ അപ്രകാരമുള്ള വിശദാംശങ്ങൾ സഹിതം അതിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഈ വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കി തുടർന്നുവരുന്ന വർഷം സെപ്തംബർ മുപ്പതാം തീയതിക്കകം പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താത്ത പക്ഷം, അതിനുശേഷം പഞ്ചായത്തിന് നൽകാനുള്ള ഗ്രാന്റുകൾ സർക്കാരിന് തടഞ്ഞു വയ്ക്കാവുന്നതുമാണ്. അതിനാൽ 2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ഭരണത്തെ സംബന്ധിച്ച ഒരു റിപ്പോർട്ട് ഇപ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം പരിശോധനക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.04/18.05.22) ലഭ്യമാക്കിയ മറുപടി പ്രകാരം പഞ്ചായത്ത് ഭരണത്തെ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി എല്ലാ വർഷവും ജില്ലാ അധികാരിയായ പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർക്ക് ഗൂഗിൾ ഷീറ്റ് മുഖേന സമർപ്പിക്കുന്നുണ്ടെന്നും ആയത് പഞ്ചായത്തിന്റെ വെബ് സൈറ്റ് മുഖേന പ്രസിദ്ധപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. അതിനാൽ ഓഡിറ്റ് കാലയളവിൽ ഇപ്രകാരം ഒരു റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തിയിട്ടില്ല എന്നാണ് കാണുന്നത്. നിയമവ്യവസ്ഥ പാലിക്കാൻ ഗ്രാമ പഞ്ചായത്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-14 ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധി -- ചട്ടവ്യവസ്ഥകൾ പാലിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് പ്രകാരം, പ്രസ്തുത നിയമത്തിന്റെ മൂന്നാം പട്ടികയിൽ ഇനം തിരിച്ചു പറഞ്ഞിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ താമസക്കാർക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

ഇതേ നിയമത്തിലെ 177 ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്തിന്, അതിന്റെ ഫണ്ട് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമോ അങ്ങനെയുള്ള ആവശ്യങ്ങളിൽ ഏതെങ്കിലും മുമ്പോട്ടു കൊണ്ടുപോകുന്നതുമായി മാത്രം ബന്ധപ്പെട്ട സംഭാവനകളും ട്രസ്റ്റുകളും സ്വീകരിക്കാവുന്നതും അവ ആ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കേണ്ടതുമാണ്.

ഈ വകുപ്പുകൾ നൽകിയ അധികാരം ഉപയോഗിച്ച് സംസ്ഥാന സർക്കാർ 2003 ൽ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പാസ്സാക്കിയിട്ടുള്ളതാണ്. പ്രസ്തുത ചട്ടപ്രകാരം (ചട്ടം 3 പ്രകാരം) ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിൽ വിവരം (പഞ്ചായത്ത് ഭരണസമിതി തീരുമാനം സഹിതം) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 09/19.05.22) മറുപടി ലഭ്യമാക്കുകയുണ്ടായി. അതനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം നിധിയെ സംബന്ധിച്ച എല്ലാ വരവുചെലവു കണക്കുകളും സെക്രട്ടറി മാസാമാസം ഗ്രാമ പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ അപ്രകാരം സമർപ്പിച്ചതായി രേഖകൾ ഇല്ലാത്തതാണ്. ചട്ടം 3 പ്രകാരം പ്രസ്തുത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒന്നാണ്. ചട്ടം 6(2) പ്രകാരം നിധിയെ സംബന്ധിച്ച വരവുചെലവു കണക്കുകൾ കാലാകാലങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ മറ്റ് വരവുചെലവുകളുടെ കാര്യത്തിലെന്നപോലെ അതേ രീതിയിൽ ഓഡിറ്റിന് വിധേയമാക്കേണ്ടതായുണ്ട്. എന്നാൽ ദുരിതാശ്വാസ നിധി സംബന്ധിച്ച വരവുചെലവു കണക്കുകൾ ഗ്രാമ പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കുകയോ, അയച്ചുതരികയോ ചെയ്തിട്ടില്ലാത്തതാണ്. ചട്ടം 7 പ്രകാരം വിവരങ്ങൾ പരസ്യപ്പെടുത്തിയതിന് രേഖകൾ ഇല്ലാത്തതുമാണ്.

ഈ സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്തിലെ ദുരിതാശ്വാസ നിധിയുടെ വിനിയോഗവും നിയന്ത്രണവും ചട്ടവ്യവസ്ഥകൾ പാലിച്ചുകൊണ്ടാകേണ്ടതുണ്ട്. ചട്ടവ്യവസ്ഥകൾ പാലിക്കാൻ ആവശ്യമായ തുടർ നടപടി ഉണ്ടാകേണ്ടതാണ്.

1-15 അസറ്റ് മാനേജ്മെന്റ് മാന്വൽ --- നിർദ്ദേശങ്ങൾ നടപ്പിലായില്ല

20.01.2017 ലെ ജി. ഒ (ആർ. ടി) നം. 166/17/എൽ. എസ്. ജി. ഡി ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 2019-20 വർഷത്തേക്ക് ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 16തീ. 21.05.2022) നൽകിയതിന് ലഭിച്ച മറുപടി പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിലായിട്ടില്ല.

1) ഗ്രാമ പഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2) തുടർന്ന് ആന്വൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3) ഗ്രാമ പഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4) മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ എപ്രകാരമുള്ളതായിരുന്നു.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമ പഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ പ്രവർത്തിച്ചതെന്നാണ് കാണുന്നത്. അസറ്റ് മാനേജ്മെന്റ് പ്ലാൻ ഉൾപ്പെടെയുള്ള ഒരു സമീപനരേഖ പഞ്ചായത്തിൽ അനിവാര്യമാകുന്ന ചില സാഹചര്യങ്ങൾ താഴെ ചേർക്കുന്നു.

(I) ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 29.01.18 ലെ സ.ഉ(കൈ)നം.11/18 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിലെ ഖണ്ഡിക 7.13(12) പ്രകാരം, ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ സ്വയംഭരണസ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷത്തെ ഗ്യാരന്റിയോടുകൂടി നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന് ഇപ്രകാരമൊരു പ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(Ii) 30.07.19ലെ ഭരണസമിതി തീരുമാനം 8(1) താഴെ ചേർക്കുന്നു.

“പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ മെറ്റീരിയൽ കളക്ഷൻ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് 2018-19 പദ്ധതി വർഷം തുക വകയിരുത്തി, സ്ഥലം വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവെങ്കിലും സ്ഥലം ലഭ്യമായില്ല. സ്ഥലം വാങ്ങി മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തൻവർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കേണ്ടതിന്റെ അടിയന്തിര സാഹചര്യം ബോധ്യപ്പെട്ട് പഞ്ചായത്ത് കോമ്പൗണ്ടിൽ അനുയോജ്യമായ സ്ഥലത്തു താത്കാലിക ഷെഡ് സ്ഥാപിച്ചു് മെറ്റീരിയൽ കളക്ഷൻ സെന്റർ ആരംഭിക്കുന്നതിന് യോഗം തീരുമാനിച്ചു.”

(Iii) 03.12.19ലെ ഭരണസമിതി തീരുമാനം 26(1) താഴെ ചേർക്കുന്നു.

“പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ 318/95 സർവ്വേ നമ്പർ പാടശേഖരത്തിൽപ്പെടുന്ന കൂളിതോട് സ്വകാര്യവ്യക്തികളുടെ കയ്യേറ്റം മൂലം വീതി കുറയുകയും, തൻമൂലം വർഷകാലത്ത് തോട്ടിൽ വെള്ളം നിറഞ്ഞ് നെൽകൃഷിക്ക് നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്നു എന്നത് സംബന്ധിച്ച് ശ്രീ. കെ.ആർ രാമചന്ദ്രൻ, കളരിക്കൽ മേലേതിൽ എന്നവർ സമർപ്പിച്ച അപേക്ഷ യോഗം ചർച്ച ചെയ്തു. പ്രസ്തുത തോട് അളന്ന് തിട്ടപ്പെടുത്തുന്നതിന് താലൂക്ക് സർവ്വേയറോട് ആവശ്യപ്പെട്ട് കത്ത് നൽകുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി.” തുടർവിവരം ലഭ്യമല്ല.

Iv) 31.01.20ലെ ഭരണസമിതി തീരുമാനം 9(1) താഴെ ചേർക്കുന്നു.

“പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ശ്മശാനഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച ബഹു. പഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് കമ്മിറ്റിയിൽ വായിച്ചു. ശ്മശാനഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് തലപ്പിള്ളി താലൂക്ക് സർവെയർക്ക് കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.” തുടർവിവരം ലഭ്യമല്ല.

മേൽ വിവരിച്ച സാഹചര്യത്തിൽ അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ തുടർ നടപടി ഉറപ്പാക്കേണ്ടതും ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

1-16 മരാമത്ത് പണികൾ--പൊതുഅപാകതകൾ-സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ

നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി - ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ്വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ്വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാന്വൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/21.05.22)

1-17 മരാമത്ത് പണികൾ-- മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14 /തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ കരാറുകാർ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പല അവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല. ഉദാഹരണത്തിന് 1) പ്രോജക്ട് നംപർ 132/20 മൊയ്തുഹാജി റോഡ് നിർമ്മാണം 2) പ്രോജക്ട് നംപർ 230/20 മോസ്ക്കോ

ഗോവിന്ദൻപടി കിള്ളിമംഗലം ലിങ്ക് റോഡ് പുനരുദ്ധാരണം.

3) പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയോ, ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുകയോ ചെയ്തില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17പ്രകാരം, പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വയ്ക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും ചെയ്യണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. പ്രവ്യത്തി പൂർത്തീകരിച്ചശേഷം പ്രവ്യത്തി നടക്കുന്ന സ്ഥലത്ത് പ്രവ്യത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പൊതുമരാമത്ത് പണിയുടെ സംക്ഷിപ്തവിവരം ഗ്രാമസഭയിൽ വെച്ചതായി മരാമത്ത് ഫയലുകളിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്.

പല മരാമത്ത് ഫയലുകളിലും എസ്റ്റിമേറ്റിൽ ഡിസ്പ്ലേ ബോർഡുകൾക്ക് വേണ്ട തുക വകയിരുത്തി കരാറുകാർക്ക് ബിൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ മിക്ക ഫയലുകളിലും ഇപ്രകാരം ഡിസ്പ്ലേ ബോർഡുകൾ പ്രദർശിപ്പിച്ചതിന്റെ ഫോട്ടോ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. ഉദാഹരണം 1) പ്രോജക്ട് നംപർ 132/20 മൊയ്തുഹാജി റോഡ് നിർമ്മാണം. എന്നാൽ ചില അവസരങ്ങളിൽ ഇപ്രകാരം ബോർഡ് വെച്ചതായി ഫയലുകളിൽ രേഖപ്പെടുത്തൽ ഇല്ലാത്തതാണ്. ഉദാഹരണം 1) പ്രോജക്ട് നംപർ 230/20 മോസ്ക്കോ ഗോവിന്ദൻപടി കിള്ളിമംഗലം ലിങ്ക് റോഡ് പുനരുദ്ധാരണം.

4) പ്രവ്യത്തികളുടെ അംഗീകാരവുമായി ബന്ധപ്പെട്ട പരിശോധനയിൽ ആസ്തിയുടെ യുണീക്ക് നംപർ പല പ്രോജക്ടുകളിലും, പ്രോജക്ട് രൂപീകരണ ഫോറം 2 ൽ ചേർക്കുന്നതായി കാണുന്നില്ല. ഉദാഹരണം 1) പ്രോജക്ട് നമ്പർ 230/20 മോസ്ക്കോ ഗോവിന്ദൻപടി കിള്ളിമംഗലം ലിങ്ക് റോഡ് പുനരുദ്ധാരണം. 2) 177/20 വല്ലങ്ങിപ്പാറ പൂവത്താണി റോഡ് റീ ടാറിംഗ്

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും മാന്വൽ വ്യവസ്ഥകളും, ചട്ടവ്യവസ്ഥകളും, നിർദ്ദേശങ്ങളും പാലിക്കുവാൻ തുടർനടപടി ഉണ്ടാകേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 17/21.05.22)

1-18 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്.

1) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്, ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

2) നിയന്ത്രണപരമായ അനിവാര്യ ചുമതല എന്നതിനോടൊപ്പം നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കപ്പെടുക എന്ന കാഴ്ചപ്പാടോടു കൂടിയാണ് 2017 ലെ ഭേദഗതി ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി സ.ഉ.(എം.എസ്)നം. 80/2017/തസ്വഭവ, തീ.03.04.2017 മാർഗ്ഗരേഖയിലെ ഖ.6.6 പ്രകാരം സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതും ഓരോ വാർഡിലും അതത് മെമ്പർമാരുടെ നേതൃത്വത്തിൽ സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും കൂടുതൽ യുവാക്കളെ സംരംഭകമേഖലയിലേക്ക് ആകർഷിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതുമാണ്.

3) അപേക്ഷയിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഫീസ് ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. ചട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4) 2019-20 വർഷത്തിൽ രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ 185 ആണ്. എന്നാൽ ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം സ്ഥാപനങ്ങളുടെ എണ്ണം 136 മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നത് കാലികമാക്കേണ്ടതാണ്.

5) ലൈസൻസ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 185 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ പ്രകാരം നിലവിലെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം 1254 ആണെന്നാണ് അറിയിച്ചിട്ടുള്ളത്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6) അഞ്ച് വർഷത്തേക്ക് Cumulative ആയി വിവിധ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

7) സതേൺ റോക്ക് & അഗ്രഗേറ്റ് മൈനിങ്ങ്, പൈങ്കുളം എന്ന ക്വാറിക്ക് 2019-2024 കാലഘട്ടത്തിലേക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇത് പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ട അനുമതികളുടെ കാലാവധി പുതുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

A) 05.12.2014 തീയതിയിലെ നം.285/SEIAA/KL/1362/2014 Environmental Clearance Certificate പ്രകാരം കാലാവധി 01.10.2014 മുതൽ അഞ്ച് വർഷത്തേക്കാണ്. അതായത് 30.09.2019 വരെ മാത്രമാണ് നിലവിൽ അനുമതിയുള്ളത്.

B) PESO യുടെ മാഗസിൻ സ്റ്റോക്ക് ചെയ്യുന്നതിനുള്ള അനുമതി നം. E/SC/KL/22-867, Dt.28.01.2015 പ്രകാരം 31.03.2020 വരെ മാത്രമാണ് കാലാവധിയുള്ളത്.

C) The Mining Act. 1952 പ്രകാരമുള്ള Blaster's Certificates Of Competency (P.K.Appukuttan എന്നയാളുടെ പേരിലുള്ളത്) യുടെ കാലാവധി 15.10.2013 വരെ മാത്രമാണ്.
D) Mining & Geology വകുപ്പിൽ നിന്നുള്ള Form M പെർമിറ്റ് ഹാജരാക്കിയിട്ടില്ല.

വിവിധ വകുപ്പുകളിൽ നിന്നും അനുമതി കാലാവധി പുതുക്കിയതിന്റെ വിവരം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-19 സി.എസ്.ആർ ഫണ്ട് ഉപയോഗപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

2013 ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി നിർദ്ദേശം പുറപ്പെടുവിക്കുന്നുണ്ട്. പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ ഇത്തരം സ്ഥാപനങ്ങളുടെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) ശോഭന.പി, പാലുത്തൊടി വീട്, കൊളപ്പുള്ളി എന്നവരുടെ പൈങ്കുളം വില്ലേജിൽ സർവ്വേ നം. 601/1 ൽ പ്രവർത്തിക്കുന്ന ക്വാറിക്ക് ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ Environmental Clearance Order No. E1/4233 /2018/DEIAA/TSR, Dtd.18.07.2018 പ്രകാരം 6,50,000/- രൂപയുടെ CSR പ്രവർത്തനങ്ങൾ നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. CSR പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
2) സതേൺ റോക്ക് & അഗ്രഗേറ്റ് മൈനിങ്ങ്, പൈങ്കുളം എന്ന ക്വാറിക്ക് 2019-2024 കാലഘട്ടത്തിലേക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. 05.12.2014 തീയതിയിലെ നം.285/SEIAA/KL/1362/2014 Environmental Clearance Certificate പ്രകാരം കാലാവധി 01.10.2014 മുതൽ അഞ്ച് വർഷത്തേക്കാണ്. അതായത് 30.09.2019 വരെ മാത്രമാണ് നിലവിൽ അനുമതിയുള്ളത്. പുതുക്കിയ അനുമതി ലഭ്യമാക്കി പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി നിർദ്ദേശിക്കുന്ന സി.എസ്.ആർ പ്രവർത്തനങ്ങളുടെ വിവരം ശേഖരിച്ച് ആയത് നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സി.എസ്.ആർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതും പഞ്ചായത്ത് ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി എന്ന് ഉറപ്പാക്കേണ്ടതുമാണ്.

1-20 തൊഴിൽ നികുതി - അപാകതകൾ

I) 2019-20 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.
1) ക്ഷീരോത്പാദക സഹകരണ സംഘം, പാഞ്ഞാൾ
2) എവർഷൈൻ റൂഫ് & ഫാബ്രിക്കേഷൻ, ഉദുവടി
3) വീരമണി ഇന്ററർലോക്കസ് & ടൈൽസ്, പൈങ്കുളം
തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

II) 2019-20 വർഷം അഭിലാഷ്.കെ.പി, എ.എം.യൂസഫ്, ഷീജോ മോൻ മാത്യു, വിഷ്ണു.യു.എസ്, വിൽസൻ.എൻ.എസ്, ഇ.എച്ച്.യൂസഫ്, എ.എം.മുഹമ്മദ്, മുരളീധരൻ.ടി.വി, സോയി അലക്സാണ്ടർ, പി.എം.വീരാൻകുട്ടി, സുബൈർ.എസ്.വൈ, അബൂബക്കർ സിദ്ദിഖ്.എസ്.വൈ, ഗോപാലൻ.പി.ആർ, അബ്ദുൾ കരീം എന്നിവർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 11/19.05.2022 നുള്ള മറുപടിയിൽ ഈ കരാറുകാർ മറ്റ് പഞ്ചായത്തുകളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇത്തരത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതി പകർപ്പ് ഹാജരാക്കേണ്ടതാണ്.

III) G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. പ്രസ്തുത ഭേദഗതിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 ലേലം -തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

1) 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ അംഗൻവാടി & കുടുംബക്ഷേമ ഉപകേന്ദ്രത്തിലെ 41,973/- രൂപ വാല്യുവേഷൻ കണക്കാക്കിയ മരങ്ങളും, പി.എച്ച്.സി യിലെ 13,591/- രൂപ വില കണക്കാക്കിയ വേപ്പ് മരങ്ങളും, എ.എൽ.പി.സ് കീഴില്ലം & എൽ.പി.എസ് തൊഴൂപ്പാടം എന്നിവിടങ്ങളിലെ 39,997/- രൂപ വില കണക്കാക്കിയ മരങ്ങളും ലേല നടപടികളുടെ വിവരം ലഭ്യമാക്കുന്നതിന് പരാമർശിച്ചിരുന്നു. ലേലം ഫയലിൽ ഇവയുടെ തുടർനടപടി വിവരങ്ങൾ ചേർത്തിട്ടില്ല.

2) 12.10.2018 തീയതിയിലെ അസി.എഞ്ചിനീയറുടെ 43/AE/ജനറൽ/2018 നമ്പർ കത്ത് പ്രകാരം കാട്ടിൽ കുളത്തിൽ നിന്നും നീക്കം ചെയ്ത 640 M^3 മണ്ണിന്റെ വാല്യുവേഷനായി 26,352/- രൂപ കണക്കാക്കി നൽകുിയിട്ടുണ്ട്. ആയതിന്റെ ലേലം നടന്നതായുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നു. ആയതിന്റെ തുടർവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3) അസി.എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 20,000/- രൂപ വില കണക്കാക്കി നൽകിയിട്ടുള്ള കിള്ളിമംഗലം പി.എച്ച്.സി കാത്തിരിപ്പു കേന്ദ്രം പൊളിച്ച് മാറ്റിയ വസ്തുക്കൾ ലേലം നടന്നതായി കാണുന്നില്ല.
മേൽ വിവരങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/20.05.2022 ന് നൽകിയ മറുപടിയിൽ ഇത് സംബന്ധിച്ച വിവരങ്ങൾ പരാമർശിച്ചിട്ടില്ല. പുനർലേലം നടന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരമോ അല്ലാത്തപക്ഷം സ്വീകരിച്ച തുടർനടപടികളുടെ വിവരമോ അറിയിക്കേണ്ടതാണ്.

1-22 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ

വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

I) കെട്ടിടങ്ങൾക്ക് വസ്തുനികുതി ആദ്യമായി നിർണ്ണയിച്ച് ഈടാക്കുമ്പോൾ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ തീ.09/07/15 ൽ നിർദ്ദേശിച്ച പ്രകാരം റവന്യൂ വകുപ്പിൽ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി ഹാജരാക്കിയിട്ടില്ല. റവന്യൂ വകുപ്പിൽ കെട്ടിട നികുതി അടവാക്കിയതിന്റെ രശീതി ഹാജരാക്കുന്നതിന് നിഷ്കർഷിക്കേണ്ടതാണ്.

II) 250 ച.മീ വിസ്തീർണ്ണത്തിന് മുകളിലുള്ള പാർപ്പിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15% വർദ്ധനവ് വരുത്തിയിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു.

1) XV/321 R, അബ്ബാസ് & മെഹർനിഷ, തോട്ടത്തിൽ വീട്, മുള്ളൂർക്കര – 267.91 M^2

2) I/425 B, അയ്യപ്പദാസ് & സിന്ധു, തിരുത്തിയിൽ വീട് – 396.97 M^2

3) III/121 A, നബീസ്, പണ്ടാരകൊട്ടിലിൽ വീട്, പൈങ്കുളം – 262.84 M^2

4) XV/339 A, മുഹമ്മദ്.പി.എ, പാറയ്ക്കൽ വീട്, വെട്ടിക്കാട്ടിരി – 251.18 M^2

5) VII/347 D, അബ്ദുൾ സത്താർ, അമ്മണത്ത് വീട്, കിള്ളിമംഗലം – 260.97 M^2

ചട്ടപ്രകാരം ഈടാക്കേണ്ട വർദ്ധനവ് വരുത്താത്തവ പരിശോധിച്ച് ആയത് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

III) മേൽ സൂചിപ്പിച്ച ക്രമ നമ്പർ 4 ലെ മുഹമ്മദ്.പി.എ എന്നവർക്ക് 29.10.2014 തീയതിയിലെ NOC നം. C3 – 637/2014 പ്രകാരം 276 M2 പാർപ്പിട നിർമ്മാണത്തിന് നിരാക്ഷേപപത്രം നൽകിയിരുന്നു. ആയതിന് 27.01.2020 വരെ അനുമതി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പാഞ്ഞാൾ വില്ലേജിൽ നിന്നും അനുവദിച്ച 25.10.2019 തീയതിയിലെ കൈവശാവകാശ സർട്ടിഫിക്കറ്റ് നം.43874845 പ്രകാരം 13.36 ആർ വിസ്തീർണ്ണം ഭൂമി നിലം എന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്. 2008 ലെ കേരള നെൽവയൽ – തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് ഇത്തരം അനുമതി നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 31/25.05.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. .

1-23 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 227(എ) വകുപ്പനുസരിച്ച് ഗ്രാമ പഞ്ചായത്തിന്, ചട്ടങ്ങൾക്ക് വിധേയമായി വണ്ടിത്താവളങ്ങൾ ഏർപ്പെടുത്താനും ഫീസ് ചുമത്താനും അധികാരം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് 1995 - ലെ കേരളാ പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, മറ്റു വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 14/20.05.2022 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ വണ്ടിത്താവളങ്ങൾ ഇല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-18 ൽ വിവിധ വാഹനങ്ങൾക്ക് പാർക്കിങ്ങിന് അനുമതി നൽകിയത് സംബന്ധിച്ച് പരാമർശിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വണ്ടിത്താവളങ്ങൾ കൃത്യമായി പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതും അതനുസരിച്ച് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-24 പാലിന് സബ്സിഡി- പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് വിവരങ്ങൾ	വർഷം: 2019-20 പ്രൊജക്ടിന്റെ പേരും നമ്പരും : പാലിന് സബ്സിഡിയും കാലിത്തീറ്റ വിതരണവും (18/19) വൗച്ചർ വിവരങ്ങൾ : 21901139/28.11.19 – 2,22,611 21901142/ 28.11.19 – 2,17,445 21901140/07.12.19 – 1,50,704 21901367/30.01.20 – 2,79,500 ----------- 8,70,260
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ

മേൽ പ്രൊജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അക്കൗണ്ടിലേക്ക് കൈമാറിയതിന്റെ യു.ടി.ആർ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2. സബ്സിഡി നിബന്ധകൾ അനുസരിച്ച് ഒരു ഗുണഭോക്താവിന് നൽകാവുന്ന പരമാവധി ധനസഹായം 40,000/- രൂപയാണ്. എന്നാൽ ഓഡിറ്റ് ലഭ്യമാക്കിയ വൗച്ചറുകൾ പ്രകാരം ശ്രീ. ജോർജ്ജ് എൻ.സി. എന്ന ഗുണഭോക്താവിന് 41,258/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ- 07/18.05.2022) മറുപടി ലഭ്യമാക്കിയില്ല.

(ഖണ്ഡിക 3-3 കാണുക)

1-25 2018-19ൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം അടവാക്കിയില്ല.2019-20ൽ ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതം നഷ്ടമായി

2018-19 സാമ്പത്തിക വർഷം മുതൽ അംഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രോജക്ട് വെച്ച് നല്കുന്നതിന് പകരം പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുന്ന വികസന ഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05- Deduct Amount Transferred From Development Fund Towards Honorarium & Allowances Of Anganwadi Workers And Helpers (NP)" എന്ന ശീർഷക കണക്കിലേയ്ക്ക് ട്രാൻസഫർ ക്രെഡിറ്റ് ചെയ്യാനും , 2018-19 വർഷത്തെ വികസനഫണ്ടിന്റെ രണ്ടാം ഗഡു അനുവദിച്ചും കൊണ്ടുള്ള 25.07.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 6345/2018/ധന പ്രകാരം നിർദ്ദേശിച്ചിരുന്നതാണ്. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക, വികസനഫണ്ട് അനുവദിച്ചതിന്റെ അറ്റതുകയിൽ ഉൾപ്പെടുത്തുകയും, പ്രസ്തുത തുകയുടെ ബാക്കി തുക മാത്രമേ വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുന്നതിനാകൂ എന്നും ഉത്തരവിന്റെ 5-ാം ഖണ്ഡികയിൽ നിർദ്ദേശിച്ചിരുന്നതാണ്. ഉത്തരവിന്റെ അനുബന്ധം 1 ക്രമ നം. 493 പ്രകാരം പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ ആദ്യ ആറ് മാസക്കാലത്തേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹5,03,700/-യും നിർദ്ദേശിച്ചിരുന്നതാണ്.

2018-19 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചും കൊണ്ടുള്ള 29.11.2018 ലെ സർക്കാർ ഉത്തരവ് (സാധാരണം) 9858/2018/ധന ഉത്തരവിന്റെ അനുബന്ധം 1 ക്രമ നം. 493 പ്രകാരം പാഞ്ഞാൾ ഗ്രാമ പഞ്ചായത്തിന് ഇത്തരത്തിൽ 2018-19 വർഷത്തിന്റെ രണ്ടാം പകതിയിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുകയായി ₹5,03,700/- യും നിർദ്ദേശിച്ചിരുന്നതാണ്. മേൽ ഉത്തരവുകളെ അലോട്ട്മെന്റ് ലെറ്ററായി പരിഗണിക്കണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതാണ്.

എന്നാൽ ഈ ഇനത്തിൽ 2018-19 സാമ്പത്തിക വർത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രാജക്ട് നം.18/19 അംഗൻവാടി വർക്കർ ഹെൽപ്പർ അധിക ഓണറേറിയം ഇനത്തിൽ വികസന ഫണ്ട്(ജനറൽ) നിന്നും ₹5,03,700/- മാത്രമാണ് മാത്രമാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനായി ചെലവഴിച്ചത്.

മേൽ വിവരിച്ച പ്രകാരം ആകെ ₹10,07,400/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടിരുന്നിടത്താണ് ഇക്കാര്യത്തിനായി ₹5,03,700/- ചെലവഴിച്ചത്. ACR പ്രകാരം 2018-19 കാലയളവിൽ ആകെ ലഭ്യമായ ₹1,60,22,798/- വികസനഫണ്ട് (പൊതുവിഭാഗം സാധാരണ വിഹിതം) ഇനത്തിൽ ₹1,51,44,866/- മാത്രമേ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കുകയുണ്ടായുള്ളൂ. ഗ്രാമപഞ്ചായത്തിന്റെ കൈവശം വികസനഫണ്ടിൽ വേണ്ട ഫണ്ട് ഉണ്ടായിരിക്കേയാണ് സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത്.

2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡു അനുവദിച്ചും കൊണ്ടുള്ള 21.12.2019 ലെ സർക്കാർ ഉത്തരവ് (സാധാരണം) 10050/ധന ഉത്തരവിന്റെ ഖണ്ഡിക:6, അനുബന്ധം -1 ക്രമ നം. 493 എന്നിവ പ്രകാരം പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത് അഗൻവാടി തൊഴിലാളികളുടേയും, സഹായികളുടെയും പ്രതിഫലത്തിലെ പ്രാദേശിക സർക്കാർ വിഹിതം 2018-19 വർഷത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടുന്നതിൽ കുറവുവന്ന തുകയായി ₹5,03,700/- 2019-20 വർഷത്തെ വികസനഫണ്ടിന്റെ മൂന്നാം ഗഡുവിൽ നിന്നും കുറവു ചെയ്തിട്ടുള്ളതുമാണ്.സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിലെ വീഴ്ചകൾ മൂലം ഗ്രാമപഞ്ചായത്തിന്റെ 2019-20 വികസനാവശ്യത്തിന് ന്യായമായി ലഭിക്കേണ്ട തുകയിൽ നിന്നും കുറവുണ്ടായി. ഭാവിയിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിന് കുറവുണ്ടാകുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.49/26.05.2022)

1-26 ജലനിധി കുടിവെള്ള പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 265/20 ജലനിധി പദ്ധതികളുടെ പുനരുദ്ധാരണം - പഞ്ചായത്ത് വിഹിതം നല്കൽ എന്ന പ്രോജക്ട് പ്രകാരം ജലനിധി ജി.പി.എൽ.എ.സി. പാഞ്ഞാളിന് വൗച്ചർ നം.21901381/25.01.20 പ്രകാരം ₹1,94,250/- 2019-20 വർഷം ജലനിധി ജി.പി.എൽ.എ.സി. പാഞ്ഞാളിന് കൈമാറിയിട്ടുള്ളതുമാണ്.
13.01.2020 തീയതിയിലെ ഭരണസമിതി തീരുമാനം 3(1) പ്രകാരം ജലനിധി കുടിവെള്ളപദ്ധതികളുടെ പുനരുദ്ധാരണ നവീകരണ പദ്ധതി പ്രകാരം ജലനിധി മുഖേന നവീകരണം പൂർത്തീകരിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തിലെ വാഴാലിപ്പാടം വെസ്റ്റ്, ഉന്നത്തൂർ, മുക്രിക്കുന്ന് എന്നീ മൂന്ന് കുടിവെള്ള പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർക്ക് നിർദ്ദേശം നൽകി തീരുമാനിച്ചിരുന്നു. ആയത് ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്. മൂന്ന് കുടിവെള്ള പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-27 പത്ര പരസ്യം - സർക്കാർ നിർദ്ദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

2019-20

ക്രമ നം	വൗച്ചർ നം.	തിയതി	പത്ര സ്ഥാപനം	തുക
1	21900114	06.05.19	മാതൃഭൂമി	6804
2	21900219	0406.19	,, ,,	5528
3	21900322	05.07.19	,,	34672
4	21900426	21.08.19	,,	13608
5	21900440	26.08.19	,,	5733
6	21900462	02.09.19	,,	6804

7	21900644	27.09.19	,,	17123
8	21900733	21.10.19	,,	4586
9	21900743	29.10.19	,,	6804
10	21900820	14.11.19	,,	4586
11	21900913	16.12.19	,,	7056
12	21900925	21.12.19	,,	5733
13	21901015	16.01.20	,,	11642
14	21901106	10.02.20	,,	11642
15	21901149	13.02.20	,,	7056
16	21901297	17.03.20	,,	5733
17	21901322	24.03.20	,,	14112
		ആകെ		1,69,222

മേൽ സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ഭാവിയിലെ ബില്ലുകളിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.36/26.05.22)

1-28 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

2019-20 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ പട്ടികപ്പെടുത്തുന്നു.

ക്രമ നം	പ്രോജക്ട് വിശദാംശം	ഫണ്ട്	നിർവ്വഹണ ഏജൻസി	വൗച്ചർ നം.	തുക
1	2/20 കുടുംബശ്രീ കലോത്സവവും വിപണന മേളയും - തുക നല്കൽ	പൊ.വി.സാ.വി.	സി.ഡി.എസ്. പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്	21900622/26.08.19	50000
2	3/20 ബാലസഭാ പ്രവർത്തനം- തുക നല്കൽ	പൊ.വി.സാ.വി.	സി.ഡി.എസ്. പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്	21900624/26.08.19	50000
3	209/20 ABC പ്രോഗ്രാമിന് തുക കൈമാറൽ	പൊ.വി.സാ.വി.	കുടുംബശ്രീ ജില്ലാ മിഷൻ, തൃശ്ശൂർ	21900621/26.08.19	210000
4	72/20 കാൻ തൃശ്ശൂർ - വിഹിതം നല്കൽ	പൊ.വി.സാ.വി.	ജില്ലാ പഞ്ചായത്ത്	21900839/29.10.19	80000
5	58/20 IKM പ്രവർത്തന ഫണ്ട്	പൊ.വി.സാ.വി.	IKM	21900838/29.10.19	80728
6	4/20 ആശ്രയ പദ്ധതി തുക കൈമാറൽ	പൊ.വി.സാ.വി.	സി.ഡി.എസ്. പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്	21900623/26.08.19	500000
7	85/20 പഞ്ചായത്തിലെ വിവധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	ധനകാര്യ കമ്മീഷൻ അവാർഡ്	കെ.എസ്.ഇ.ബി	21901131/19.12.19	27644
				21901224/10.02.20	32087
				21901226/10.02.20	7005
				21901403/27.03.20	13321
				21901415/23.03.20	17442
8	244/20 കുറവം കോളനി അംഗൻവാടി വൈദ്യുതീകരണം - പൂർത്തീകരണം	തനത് ഫണ്ട്	കെ.എസ്.ഇ.ബി	21901020/20.01.20	14711
9	265/20 ജലനിധി പദ്ധതികളുടെ പുനരുദ്ധാരണം - പഞ്ചായത്ത് വിഹിതം നല്കൽ	ധനകാര്യ കമ്മീഷൻ അവാർഡ്	ജലനിധി ജി.പി.എൽ.എ.സി. പാഞ്ഞാൾ	21901381/25.01.20	194250

പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.47/26.03.2022)

1-29 പ്രത്യേക കന്നുകട്ടി പരിപാലന പദ്ധതി (വനിത)- വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2019-20 വർഷത്തിൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (വനിത) (പ്രൊജക്ട് നമ്പർ -210/20) പ്രകാരം 80 ഗുണഭോക്താക്കൾക്കായി 10,00,000/- രൂപ (വികസന ഫണ്ട്) വൗച്ചർ നമ്പർ 21901000/19.10.19 എസ്.എൽ.പി.ബി. ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. കാലിത്തീറ്റ വിതരണം 2/2020 മുതൽ ആരംഭിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്ര പ്രകാരം പദ്ധതി പൂർത്തിയാകുന്നത് 01/08/2021 ലാണ്. അതായത് 17 മാസം ഗുണഭോക്താവ് കാലിത്തീറ്റ കൈപ്പറ്റേണ്ടതാണ്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭാഗികമായി മാത്രമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്.ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമനമ്പർ	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ കാലയളവ്
1	അമ്മു അമ്മ, താമറ്റൂർ വീട്, പാഞ്ഞാൾ	10 മാസം
2	ഓമന തോമസ്, എടക്കളത്തൂർ വീട്, കിള്ളിമംഗലം	12 മാസം
3	ബേബി ഗിരിജ, മൂച്ചിക്കൽ വീട്, പാഞ്ഞാൾ	10 മാസം
4	ഗീത, മൂച്ചിക്കൽ വീട്, പാഞ്ഞാൾ	10 മാസം
5	ധനലക്ഷ്മി, ഓറമ്പത്ത് വീട്, കിള്ളിമംഗലം	11 മാസം
6	രമ്യ, ഓറമ്പത്ത് വീട്, കിള്ളിമംഗലം	4 മാസം

മൃഗസംരക്ഷണ വകുപ്പിന്റെ 09/11/2021 ലെ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 10 ലക്ഷം രൂപയിൽ 9,55,813/- രൂപ ചെലവഴിച്ചെന്നും ബാക്കി 44,187/- രൂപ ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം. 24/24.05.22) തുക തിരികെ ലഭ്യമാകുന്നതിന് കത്തയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 ജി.എസ്.ടി ഇൻവോയ്സ് ഹാജരാക്കിയില്ല.

അംഗൻവാടി പോഷകാഹാരം എന്ന പദ്ധതി പ്രകാരം അംഗൻവാടികളിലേക്ക് അമൃതം, ബാലാമൃതം എന്നീ ഭക്ഷണ പദാർത്ഥങ്ങൾ ദൃശ്യം അമൃതം ഫുഡ് സപ്ലിമെന്റ് മങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിന്റെ ജി.എസ്.ടി ഇൻവോയ്സുകൾ ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

(1) പ്രൊജക്ട് നമ്പർ 76/2020 അംഗൻവാടി പോഷകാഹാരം (ജനറൽ)

ക്രമ നം.	വൗച്ചർ നം.	തിയതി	തുക	സ്ഥാപനത്തിന്റെ പേര്
1	21801086	17.01.2019	74,295	ദൃശ്യം അമൃതം ഫുഡ് സപ്ലിമെന്റ്, മങ്ങാട്
2	21900604	15.07.2019	1,57,500	"
3	21900625	27.08.2019	62,265	"
4	21901006	12.12.2019	11,700	"
5	21901361	16.03.2020	16,863	"
6	21900926	21.12.2019	69,585	"
7	21900928	21.12.2019	62,370	"
8	21901238	03.03.2020	1,28,321	"
9	21901331	27.03.2020	48.398	"

(2) പ്രൊജക്ട് നമ്പർ 22/2020 അംഗൻവാടി അനുപൂരകപോഷകാഹാരം (എസ്.സി)

ക്രമ നം.	വൗച്ചർ നം.	തിയതി	തുക	സ്ഥാപനത്തിന്റെ പേര്
1	21900730	14.10.2019	1,34,490	ദൃശ്യം അമൃതം ഫുഡ് സപ്ലിമെന്റ്, മങ്ങാട്
2	21901351	19.03.2020	7,159	"

മേൽ സൂചിപ്പിച്ച പ്രകാരം ജി.എസ്.ടി ഇൻവോയ്സിന്റെ അഭാവത്തിൽ തുക അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (06/18.05.2022) മറുപടിയായി GST Notification No. 12/2017-Central Tax (Rate) Dtd. 28/06/2017 Entry 66 Clause(b) (Ii) പ്രകാരം പോഷകാഹാര വിതരണം സേവനമായി ഉൾപ്പെടുത്തിയിട്ടുള്ളതിനാലാണ് ജി.എസ്.ടി ബിൽ നൽകാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ടി ക്ലോസ് പ്രകാരം "Exempts Services Provided To An Educational Institution Of By Way Of Catering, Including Any Mid Day Meal Sponsored By Central / State/ Union Territories" എന്നാണ്. അതിനാൽത്തന്നെ ഈ വ്യവസ്ഥ പോഷകാഹാര വിതരണത്തിന് പ്രസക്തമല്ല. മേൽ സ്ഥാപനം മറ്റ് പഞ്ചായത്തുകളിലും സമാനമായ രീതിയിൽ പോഷകാഹാരം വിതരണം നടത്തുന്നുണ്ട്. ആയതിനാൽ സർക്കുലർ നം.18/2019/ഫിൻ തീയതി 01.03.2019 പ്രകാരം സാധുവായ ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്ന് മാത്രം സാധനങ്ങൾ വാങ്ങേണ്ടതാണ്.

1-31 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

ഗ്രാമ പഞ്ചായത്തിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Packed Bitumen നിരക്ക് ഉൾപ്പെടുത്തിയാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ തിരികെ ലഭിക്കുകയോ, കരാറുകാരനിൽ നിന്നും കാലിബാരൽ വില ഈടാക്കുകയോ ചെയ്യാതെയാണ് തുക അനുവദിച്ചു നൽകിയിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ചു നൽകിയതിനാൽ കരാറുകാർക്ക് അർഹമായതിലും അധികം തുക ലഭിക്കുന്നതിന് ഇടയായി. വിശദാംശം താഴെ ചേർക്കുന്നു.

1)

പ്രൊജക്ട് നമ്പർ	92/19, 177/20
പ്രൊജക്ട്	വല്ലങ്ങിപ്പാറ പൂവത്താണി റോഡ് റീടാറിങ്ങ്
സാങ്കേതികാനുമതി	71343/2018-19
സാങ്കേതികാനുമതി ഉത്തരവ്	LSGD/TS/2018-19/104500 Dtd. 15.07.18
സാങ്കേതികാനുമതി തുക	5,00,000 രൂപ
കരാറുകാരൻ	ശ്രീ. എ.കെ. സെയ്തലവി
കരാർ നിരക്ക്	498804.94
കരാർ ഉടമ്പടി	70/18-19/AE/LSGD/PJL Dtd. 27.12.18
എം.ബുക്ക്	493/18-19
വൗച്ചർ നമ്പർ, തുക	21900615/20.08.19 = 4,11,733 (MG R)

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		411733
(-)ആദായനികുതി 1%	4117	
(-)ക്ഷേമനിധി വിഹിതം 1%	4117	
(-)ജി.എസ്.ടി 2%	8234	
ആകെ കിഴിവ്		16468
കരാറുകാരന് നൽകിയത്		395265

എം ബുക്ക് പേജ് 17ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG30ബിറ്റുമിൻ 3672.53 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 355.39 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (VG30 ബിറ്റുമിൻ 3672.53/156 = 23 ബാരൽ , RS1 ബിറ്റുമിൻ 355.39/182 = 2ബാരൽ ആകെ 25 ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		411733
(-)ആദായനികുതി 1%	4117	
(-)ക്ഷേമനിധി വിഹിതം 1%	4117	
(-)ജി.എസ്.ടി 2%	8234	
(-)കാലി ബാരൽ വില 25എണ്ണം @ 238/one	5950	
(-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 %	1071	
ആകെ കിഴിവ്		23489
കരാറുകാരന് അർഹമായത്		388244
കരാറുകാരന് നൽകിയത്		395265
അധികം നൽകിയത്		7021

ഇപ്രകാരം അധികം നൽകിയ തുക, തെറ്റായി തുക കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2)

പ്രൊജക്ട് നമ്പർ	132/20
പ്രൊജക്ട്	മൊയ്തുഹാജി റോഡ് നിർമ്മാണം
സാങ്കേതികാനുമതി	60232/2019-20
സാങ്കേതികാനുമതി ഉത്തരവ്	LSGD/TS/2019-20/98112 Dtd. 20.09.19
സാങ്കേതികാനുമതി തുക	3,50,000 രൂപ
കരാറുകാരൻ	ശ്രീ. പി.എം. വീരാൻകുട്ടി
കരാർ നിരക്ക്	എസ്റ്റിമേറ്റ് നിരക്ക്
കരാർ ഉടമ്പടി	65/19-20/AE/LSGD/PJL Dtd. 17.12.19
എം.ബുക്ക്	158/19-20
വൗച്ചർ നമ്പർ, തുക	21901365/18.01.20 = 3,48,784 (MG R)

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		311414.17
(+) 12% ജി.എസ്.ടി	37369.70	
ആകെ		348784
(-)ആദായനികുതി 1%	3114	
(-)ക്ഷേമനിധി വിഹിതം 1%	3114	
(-)ജി.എസ്.ടി 2%	6228	
ആകെ കിഴിവ്		12456
കരാറുകാരന് നൽകിയത്		336328

എം ബുക്ക് പേജ് 15ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG30ബിറ്റുമിൻ 1426.03 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 135.15 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (VG30 ബിറ്റുമിൻ 1426.03/156 = 9 ബാരൽ , RS1 ബിറ്റുമിൻ 135.15/182 = 1ബാരൽ ആകെ 10ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		311414.17
(+) 12% ജി.എസ്.ടി	37369.70	
ആകെ		348784
(-)ആദായനികുതി 1%	3114	
(-)ക്ഷേമനിധി വിഹിതം 1%	3114	
(-)ജി.എസ്.ടി 2%	6228	
(-)കാലി ബാരൽ വില 10എണ്ണം @ 238/one	2380	
(-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 %	428	
ആകെ കിഴിവ്		15264
കരാറുകാരന് അർഹമായത്		333520
കരാറുകാരന് നൽകിയത്		336328
അധികം നൽകിയത്		2808

ഇപ്രകാരം അധികം നൽകിയ തുക, തെറ്റായി തുക കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/24.05.22)

1-32 മൂച്ചിക്കൽപടി റോഡ് നിർമ്മാണം - അധിക ചെലവ് ഈടാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ	90/20
പ്രൊജക്ട്	മൂച്ചിക്കൽപടി റോഡ് നിർമ്മാണം
സാങ്കേതികാനുമതി	31145/19-20
സാങ്കേതികാനുമതി ഉത്തരവ്	LSGD/TS/2019-20/77345 Dtd. 02.08.19
സാങ്കേതികാനുമതി തുക	3,50,000 രൂപ
കരാറുകാരൻ	ശ്രീ. എ.എം.യൂസുഫ്
ക്വാട്ട് ചെയ്ത നിരക്ക്	എസ്റ്റിമേറ്റിനേക്കാൾ 22.2% കുറവ്
കരാർ ഉടമ്പടി	05/19-20/AE/LSGD/PJL Dtd. 05.10.19
എം.ബുക്ക്	194/19-20
വൗച്ചർ നമ്പർ, തുക	21901387/18.01.20 = 2,72,300 (MG NR)

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		310821.88
(-) ടെണ്ടർ കിഴിവ് 21.3%	66205.06	
ബാക്കി		244616.82
(+) 12% ജി.എസ്.ടി	29354.01	
ആകെ		273970.83 ~ 273971 Limited To 2,72,300
(-)ആദായനികുതി 1%	2446	
(-)ക്ഷേമനിധി വിഹിതം 1%	2446	
(-) ജി.എസ്.ടി 2%	4892	
ആകെ കിഴിവ്		9784
കരാറുകാരന് നൽകിയത്		262516

എന്നാൽ മേൽ വിവരിച്ച പ്രകാരം കരാറുകാരന് തുക അനുവദിക്കുമ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കായ

ടെണ്ടർ കിഴിവ് 22.2% കുറവാക്കുന്നതിന് പകരം ടെണ്ടർ കിഴിവ് 21.3% മാത്രം കുറച്ചതിനാൽ (ഈ നിരക്ക് വെച്ചാണ് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്) കരാറുകാരന് അധിക തുക അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് കാരണം പ്രവൃത്തിയിലുണ്ടായ അധിക ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		310821.88
(-)ടെണ്ടർ വ്യത്യാസം 22.2%	69002.45	
ബാക്കി		241819.42
(+) 12% ജി.എസ്.ടി	29018.33	
ആകെ		270837.75 ~ 270838
പ്രവൃത്തിക്ക് അനുവദനീയമായ പരമാവധി ചെലവ്		270838
പ്രവൃത്തിക്ക് ചെലവായ ആകെ തുക		272300
അധിക ചെലവ്		1462

ഈ അധിക ചെലവ്, തെറ്റായി തുക കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 21/24.05.22)

1-33 ജി.എസ്.ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കാതെ ബിൽ തുക അനുവദിച്ചു.

താഴെ ചേർത്ത പദ്ധതി പ്രവർത്തനങ്ങളിൽ കരാറുകാർക്ക് 12% ജി.എസ്.ടി വിഹിതം അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ തുക 2.5 ലക്ഷത്തിൽ താഴെയായതിനാൽ ബിൽ തുക അനുവദിക്കുമ്പോൾ ഉത്തരവസ്ഥാനത്ത് നിന്നും ജി.എസ്.ടി കിഴിവ് വരുത്തിയിട്ടില്ല. പ്രസ്തുത കരാറുകാർ ജി.എസ്.ടി നിയമത്തിലെ 31-ാം വകുപ്പ് പ്രകാരമുള്ള ഇൻവോയ്സ് സ്ഥാപനത്തിന് നൽകിയിട്ടില്ലാത്തതാണ്. ഇപ്രകാരം തുക അനുവദിച്ചതിന് ചില ഉദാഹരണങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

പ്രൊജക്ട് നം.	പ്രൊജക്ട്	കരാറുകാരൻ	മൂല്യനിർണ്ണയം (12% GST ഉൾപ്പടെ)	വൌച്ചർ നം./തീയതി	തുക
31/20	പാറപ്പുറം അംഗൻവാടി മെയിന്റനൻസ്	ഹസ്സൻ ഷെമീർ	171802	21901364/18.01.20	171802
117/20	ഇർഷാദ് പടി റോഡ്	യൂസുഫ്.എ.എച്ച്	199068	21901120/26.12.19	199068
212/20	ചാത്തംകുളം അള്ളന്നൂർ റോഡ് കോൺക്രീറ്റിംഗ്	വി.വൈ.സുലൈമാൻ	158536	21901136/20.12.19 21901137/20.12.19	104578 53960

ഇൻവോയ്സിന്റെ അഭാവത്തിൽ 12% ജി.എസ്.ടി വിഹിതം ചേർത്ത് ബിൽ തുക അനുവദിച്ചത് ക്രമത്തിലല്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 29/25.05.22)

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കാലിബാരൽ വില ഈടാക്കാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചതിനാൽ അധിക ചെലവ്

ഗ്രാമ പഞ്ചായത്തിൽ വിവിധ റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് Packed Bitumen നിരക്ക് ഉൾപ്പെടുത്തിയാണ്. എന്നാൽ ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ തിരികെ ലഭിക്കുകയോ, കരാറുകാരനിൽ നിന്നും കാലിബാരൽ വില ഈടാക്കുകയോ ചെയ്യാതെയാണ് തുക അനുവദിച്ചു നൽകിയിട്ടുള്ളത്. ഇപ്രകാരം തുക അനുവദിച്ചു നൽകിയതിനാൽ കരാറുകാർക്ക് അർഹമായതിലും അധികം തുക ലഭിക്കുന്നതിന് ഇടയായി. വിശദാംശം താഴെ ചേർക്കുന്നു.

1)

പ്രൊജക്ട് നമ്പർ	92/19, 177/20
പ്രൊജക്ട്	വല്ലങ്ങിപ്പാറ പൂവത്താണി റോഡ് റീ ടാറിങ്ങ്
സാങ്കേതികാനുമതി	71343/2018-19
സാങ്കേതികാനുമതി ഉത്തരവ്	LSGD/TS/2018-19/104500 Dtd. 15.07.18
സാങ്കേതികാനുമതി തുക	5,00,000 രൂപ
കരാറുകാരൻ	ശ്രീ. എ.കെ. സെയ്തലവി
കരാർ നിരക്ക്	498804.94
കരാർ ഉടമ്പടി	70/18-19/AE/LSGD/PJL Dtd. 27.12.18
എം.ബുക്ക്	493/18-19
വൗച്ചർ നമ്പർ, തുക	21900615/20.08.19 = 4,11,733 (MG R)

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		411733
(-)ആദായനികുതി 1%	4117	
(-)ക്ഷേമനിധി വിഹിതം 1%	4117	
(-)ജി.എസ്.ടി 2%	8234	
ആകെ കിഴിവ്		16468
കരാറുകാരന് നൽകിയത്		395265

എം ബുക്ക് പേജ് 17ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG30ബിറ്റുമിൻ 3672.53 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 355.39 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (VG30 ബിറ്റുമിൻ 3672.53/156 = 23 ബാരൽ , RS1 ബിറ്റുമിൻ 355.39/182 = 2ബാരൽ ആകെ 25 ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		411733
(-)ആദായനികുതി 1%	4117	
(-)ക്ഷേമനിധി വിഹിതം 1%	4117	
(-)ജി.എസ്.ടി 2%	8234	
(-)കാലി ബാരൽ വില 25എണ്ണം @ 238/one	5950	
(-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 %	1071	
ആകെ കിഴിവ്		23489
കരാറുകാരന് അർഹമായത്		388244
കരാറുകാരന് നൽകിയത്		395265
അധികം നൽകിയത്		7021

ഇപ്രകാരം അധികം നൽകിയ തുക, തെറ്റായി തുക കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2)

പ്രൊജക്ട് നമ്പർ	132/20
പ്രൊജക്ട്	മൊയ്തുഹാജി റോഡ് നിർമ്മാണം
സാങ്കേതികാനുമതി	60232/2019-20
സാങ്കേതികാനുമതി ഉത്തരവ്	LSGD/TS/2019-20/98112 Dtd. 20.09.19
സാങ്കേതികാനുമതി തുക	3,50,000 രൂപ
കരാറുകാരൻ	ശ്രീ. പി.എം. വീരാൻകുട്ടി
കരാർ നിരക്ക്	എസ്റ്റിമേറ്റ് നിരക്ക്
കരാർ ഉടമ്പടി	65/19-20/AE/LSGD/PJL Dtd. 17.12.19
എം.ബുക്ക്	158/19-20
വൗച്ചർ നമ്പർ, തുക	21901365/18.01.20 = 3,48,784 (MG R)

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		311414.17

(+) 12% ജി.എസ്.ടി	37369.70	
ആകെ		348784
(-)ആദായനികുതി 1%	3114	
(-)ക്ഷേമനിധി വിഹിതം 1%	3114	
(-)ജി.എസ്.ടി 2%	6228	
ആകെ കിഴിവ്		12456
കരാറുകാരന് നൽകിയത്		336328

എം ബുക്ക് പേജ് 15ലെ രേഖപ്പെടുത്തൽ പ്രകാരം ഈ പ്രവൃത്തിക്കായി VG30ബിറ്റുമിൻ 1426.03 കി.ഗ്രാം ഉം, RS1 ബിറ്റുമിൻ 135.15 കി.ഗ്രാം ഉം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം Packed Bitumen ന്റെ MORDലെ മാർക്കറ്റ് നിരക്കാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ടുതന്നെ കരാറുകാരന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ കാലി ബാരൽ വില ഈടാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത് (VG30 ബിറ്റുമിൻ 1426.03/156 = 9 ബാരൽ , RS1 ബിറ്റുമിൻ 135.15/182 = 1ബാരൽ ആകെ 10ബാരൽ). അതുകാരണം കരാറുകാരന് അധികതുക അനുവദിക്കാനിടയായി. വിശദവിവരം താഴെ പട്ടികപ്പെടുത്തുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		311414.17
(+) 12% ജി.എസ്.ടി	37369.70	
ആകെ		348784
(-)ആദായനികുതി 1%	3114	
(-)ക്ഷേമനിധി വിഹിതം 1%	3114	
(-)ജി.എസ്.ടി 2%	6228	
(-)കാലി ബാരൽ വില 10എണ്ണം @ 238/one	2380	
(-)കാലി ബാരൽ വിലയുടെ ജി.എസ്.ടി 18 %	428	
ആകെ കിഴിവ്		15264
കരാറുകാരന് അർഹമായത്		333520
കരാറുകാരന് നൽകിയത്		336328
അധികം നൽകിയത്		2808

ഇപ്രകാരം അധികം നൽകിയ തുക, തെറ്റായി തുക കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 19/24.05.22)

3-2 മൂച്ചിക്കൽപടി റോഡ് നിർമ്മാണം - അധിക ചെലവ് ഈടാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ	90/20
പ്രൊജക്ട്	മൂച്ചിക്കൽപടി റോഡ് നിർമ്മാണം
സാങ്കേതികാനുമതി	31145/19-20
സാങ്കേതികാനുമതി ഉത്തരവ്	LSGD/TS/2019-20/77345 Dtd. 02.08.19
സാങ്കേതികാനുമതി തുക	3,50,000 രൂപ
കരാറുകാരൻ	ശ്രീ. എ.എം.യൂസുഫ്
ക്വാട്ട് ചെയ്ത നിരക്ക്	എസ്റ്റിമേറ്റിനേക്കാൾ 22.2% കുറവ്
കരാർ ഉടമ്പടി	05/19-20/AE/LSGD/PJL Dtd. 05.10.19
എം.ബുക്ക്	194/19-20
വൗച്ചർ നമ്പർ, തുക	21901387/18.01.20 = 2,72,300 (MG NR)

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		310821.88
(-) ടെണ്ടർ കിഴിവ് 21.3%	66205.06	
ബാക്കി		244616.82
(+) 12% ജി.എസ്.ടി	29354.01	
ആകെ		273970.83 ~ 273971 Limited To 2,72,300
(-)ആദായനികുതി 1%	2446	
(-)ക്ഷേമനിധി വിഹിതം 1%	2446	
(-) ജി.എസ്.ടി 2%	4892	
ആകെ കിഴിവ്		9784
കരാറുകാരന് നൽകിയത്		262516

എന്നാൽ മേൽ വിവരിച്ച പ്രകാരം കരാറുകാരന് തുക അനുവദിക്കുമ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കായ ടെണ്ടർ കിഴിവ് 22.2% കുറവാക്കുന്നതിന് പകരം ടെണ്ടർ കിഴിവ് 21.3% മാത്രം കുറച്ചതിനാൽ (ഈ നിരക്ക് വെച്ചാണ്

കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്) കരാറുകാരന് അധിക തുക അനുവദിച്ചു നൽകിയിട്ടുണ്ട്. ഇത് കാരണം പ്രവൃത്തിയിലുണ്ടായ അധിക ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രവൃത്തിയുടെ ആകെ മൂല്യം		310821.88
(-)ടെണ്ടർ വ്യത്യാസം 22.2%	69002.45	
ബാക്കി		241819.42
(+) 12% ജി.എസ്.ടി	29018.33	
ആകെ		270837.75 ~ 270838
പ്രവൃത്തിക്ക് അനുവദനീയമായ പരമാവധി ചെലവ്		270838
പ്രവൃത്തിക്ക് ചെലവായ ആകെ തുക		272300
അധിക ചെലവ്		1462

ഈ അധിക ചെലവ്, തെറ്റായി തുക കൈപ്പറ്റിയ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ സാധിച്ചില്ലെങ്കിൽ തുക അനുവദിച്ചുനൽകിയ എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 21/24.05.22)

3-3 സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായ തുകയിൽ കവിഞ്ഞ് ധനസഹായം അനുവദിച്ചു.

പ്രൊജക്ട് വിവരങ്ങൾ	വർഷം: 2019-20 പ്രൊജക്ടിന്റെ പേരും നമ്പരും : പാലിന് സബ്സിഡിയും കാലിത്തീറ്റ വിതരണവും (18/19) വൗച്ചർ വിവരങ്ങൾ : 21901139/28.11.19 – 2,22,611 (ട്രഷറി ബിൽനം. 1/20.01.20) 21901142/ 28.11.19 – 2,17,445(ട്രഷറി ബിൽനം. 2/20.01.20) 21901140/07.12.19 – 1,50,704(ട്രഷറി ബിൽനം. 3/20.01.20) 21901367/30.01.20 – 2,79,500(ട്രഷറി ബിൽനം. 4/30.01.20) ----------- 8,70,260 (വികസനഫണ്ട്(ജനറൽ)- 590760 (ജില്ലാ പഞ്ചായത്ത് വിഹിതം - 279500)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി ഫാം ഇൻസ്ട്രക്ടർ

പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് അവർ ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററൊന്നിന് 3 രൂപ നിരക്കിൽ അനുവദിക്കുന്നതിനുള്ള മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡി നൽകിയ താഴെ പറയുന്ന ഗുണഭോക്താവിന് സബ്സിഡി നിബന്ധന പ്രകാരം അർഹമായ പരമാവധി തുകയായ 40,000/- രൂപയിൽ കവിഞ്ഞ് ധനസഹായം അനുവദിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമനമ്പർ	ഗുണഭോക്താവിന്റെ പേര്	IFS കോഡ്	ബാങ്ക് അക്കൗണ്ട് നം.	പ്രൊജക്ട് പ്രകാരം അനുവദിച്ച ആകെ തുക	അധികമായി അനുവദിച്ച തുക
1	ജോർജ്ജ് എൻ.സി.	SBIN0070709	32119256769	16088 (വൗച്ചർ നം - 21901139/28.11.19 9477 (വൗച്ചർ നം. - 21901140/07.12.19) + 12006 (വൗച്ചർ നം. - 21901142/28.11.19) + 3687 (വൗച്ചർ നം. - 21901367/30.01.20) ---------	1,258

					41,258 ---------	

സബ്സിഡി തുകയിൽ അധികമായി ധനസഹായം അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (നം. 07/ 18.05.2022). സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി തുകയിൽ കവിഞ്ഞ് അനുവദിച്ച 1,258/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ തുക സഞ്ചിതനിധിയിൽ തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2019-20	408059 (മുൻ ബാക്കി)	സമഗ്ര നെൽകൃഷി വികസനം 2018-19 (സ്പിൽ ഓവർ) (155/20)	408059	0
		1571084	സമഗ്ര നെൽകൃഷി വികസനം(20/20)	1571084	0
		1240000	ലൈഫ് മിഷൻ ഭവന പദ്ധതി(29/20)	1228935	11065
		350000	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും(77/20)	350000	0
ജില്ലാ പഞ്ചായത്ത്	2019-20	279500	പാലിന് സബ്സിഡിയും കാലിത്തീറ്റ വിതരണവും	279500	0
		980000	ലൈഫ് മിഷൻ ഭവന പദ്ധതി(29/20)	980000	0
		166643	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും(77/20)	166643	

തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം. / ചെക്ക് നം	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക
KSEB	പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	21901131/19.12.19-27,644/- 21901224/10.02.20-32,087/- 21901226/10.02.20- 7005/- 21901403/27.03.20 – 13,321/- 21901415/23.03.20-17,442/-	97499	0
KSEB	കുറവൻകോളനി അംഗൻവാടി വൈദ്യുതീകരണം പൂർത്തീകരണം	21901020/20.01.20	14711	0
KSEB	ജയന്തി അംഗൻവാടി റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ	21900846/05.11.19	24780	0

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുകയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തത്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര് / ഉദ്ദേശ്യം	തൻ വർഷം അനുവദിച്ച വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള
			മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി (KURDFC Loan)	740000	9419961	8088284		9351137

4-5 സ്ഥിര നിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5,000
തൻവർഷം നിക്ഷേപിച്ച തുക	-
ആകെ	5,000
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5,000

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ലഭ്യമല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	6,57,86,431
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	6,27,64,587
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	12,549
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1 (1)	7,021	ശ്രീ.വിപിൻദാസ്.എം.എസ്., അസി.എഞ്ചിനീയർ
3-1 (2)	2,808	
3-2	1,462	ശ്രീ. വിപിൻദാസ്.എം.എസ്., അസി.എഞ്ചിനീയർ
3-3	1,258	ശ്രീ.സുരേഷ് കുമാർ.എ., ക്ഷീര വികസന ഓഫീസർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.വിപിൻദാസ്.എം.എസ്., അസി.എഞ്ചിനീയർ	അസി.എഞ്ചിനീയർ, തിരുവില്വാമല ഗ്രാമപഞ്ചായത്ത്	അയ്യപ്പൻപറമ്പിൽ, മുളംകുന്നത്ത് കാവ്, തൃശ്ശൂർ – 680581
ശ്രീ.സുരേഷ് കുമാർ.എ., ക്ഷീര വികസന ഓഫീസർ	ക്ഷീരവികസന ഓഫീസർ, ക്ഷീര വികസന യൂണിറ്റ്, ഒറ്റപ്പാലം	നീലാഞ്ജനം, ചേലക്കര - 680586

(എഫ്)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല.

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
66-67	എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72
67-68	എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72
68-69	എൽ.എഫ്.ഇ4(1) 2537/72 /തീയതി 07.06.72
70-71	എൽ.എഫ്.ഇ3(1) 2094/74 /തീയതി 20.09.94
71-72	എൽ.എഫ്.ഇ3(1) 3030/73 /തീയതി 24.09.93
72-73	എൽ.എഫ്.ഇ3(1) 3960/74 /തീയതി 18.11.74
73-74	എൽ.എഫ്.ഇ3(1) 6990/75 /തീയതി 11.01.75
74-75	എൽ.എഫ്.ഇ3(1) 5821/76 /തീയതി 08.06.76
78-79	എൽ.എഫ്.ടി.10- 1215/81/16.08.81
80-81	എൽ.എഫ്.ടി.10- 695/82/17.09.82
81-82	എൽ.എഫ്.ടി.10- 307/82/26.03.84
82-83	എൽ.എഫ്.ടി.10- 356/85/06.06.85
84-85	എൽ.എഫ്.ടി.10- 1196/87/02.12.85
85-86	എൽ.എഫ്.ടി.10- 703/90/06.06.90
86-87, 87-88	എൽ.എഫ്.ടി.10-906/90/24.09.90
88-89, 89-90	എൽ.എഫ്.ടി.10- 1161/92/18.11.92
90-91	എൽ.എഫ്.ടി.10- 1170/95/20.05.95
91-92	എൽ.എഫ്.ടി.10- 1800/94/03.07.95
92-93, 93-94	എൽ.എഫ്.ടി.10- 1800/93/20.11.93
96-97	എൽ.എഫ്.ടി.10- 2138/95/20.08.96
97-98	എൽ.എഫ്.ടി.10- 552/98/15.02.99
98-99	എൽ.എഫ്.ടി.12- 997/98/15.02.99
99-2000, 2000-01, 01-02 (ജനകീയാസൂത്രണം)	എൽ.എഫ്.ടി.10-1085/94/31.01.04/ 12.07.04
99-2000	എൽ.എഫ്.ടി.10- 1480/07/31.01.04/12.07.04
00-01	എൽ.എഫ്.ടി.10- 1479/31.01.04/12.07.04
01-02	എൽ.എഫ്.ടി.10- 1478/31.01.04/12.07.04
02-03	എൽ.എഫ്.ടി.10- 1477/07/02.08.08/03.10.08
03-04	എൽ.എഫ്.ടി.10- 1468/08/28.05.10
04-05	എൽ.എഫ്.ടി.10- 1469/28.05.10/30.07.10
05-06	എൽ.എഫ്.ടി.10- 2288/09/21.01.11
06-07	എൽ.എഫ്.ടി.10- 2288/09/21.01.11/02.07.11
07-08	എൽ.എഫ്.ടി.(പി.4)-541/12 തീയതി 23.05.12
08-09	എൽ.എഫ്.ടി.(പി.4)-542/12 തീയതി 23.05.12
09-10	എൽ.എഫ്.ടി.(പി.4)-543/12 തീയതി 30.05.12
10-11	എൽ.എഫ്.ടി.(പി.4)-544/12 തീയതി 02.06.12/06.08.12

11-12	എൽ.എഫ്.ടി.(പി.4)-2037/13 തീയതി 13.03.14/07.04.14
12-13	എൽ.എഫ്.ടി.(പി.4)-1902/14 തീയതി 07.04.15/03.06.15
2013-14	നം.കെ.എസ്.എ.-ടി.എസ്.ആർ(പി4)1688/15 തീയതി 15/12/2015
2014-15	നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)1156/16 തീയതി. 14-07-2016
2015-16	നം.കെ.എസ്.എ.-ടി.എസ്.ആർ (പി4)2038/16 തീയതി. 16-12-2016
2016-17	നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)1655/2017 തീയതി: 24.11.2017/04.12.2017
2017-18	നം.കെ.എസ്.എ.ടി.എസ്.ആർ(പി.4)382/2019 തീയതി: 15.03.2019/29.03.2019
2018-19	നം.കെ.എസ്.എ.ടി.എസ്.ആർ(പി.12)1173/2020 തീയതി: 09.12.2020/18.01.2021

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്